LIBRARY ARCHIVES Kerala Legislative Assembly

ഗവേഷണം നടത്തുന്ന ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈ-യുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണത്തോടെ പഠനം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2021-22-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപിച്ച, 5 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും കടലാക്രമണം അതിരൂക്ഷമായ ചെല്ലാനം പ്രദേശത്ത് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈ പഠനം നടത്തി ഹൈബ്രിഡ് പദ്ധതി (കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും സംയോജിത നിർമ്മാണം) അവലംബിക്കുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുകയും പ്രസ്തുത ഡിസൈൻ പ്രകാരം തയ്യാറാക്കിയ 254.20 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന്റെയും 90 കോടി രൂപയുടെ പുലിമുട്ട് നിർമ്മാണത്തിന്റെയും (ആകെ 344.20 കോടി) വിശദമായ രൂപരേഖ സർക്കാർ അംഗീകരിക്കുകയും കിഫ്ബി ധനസഹായത്തോടെ നിർവ്വഹണം നടത്തുന്നതിനുള്ള ഭരണാനുമതി 29-7-2021-ലെ GO (Rt) No.395/2021/WRD, നമ്പർ ഉത്തരവ് പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് മുൻകരുതലുകൾ

178 (3884) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

&

(ബി) ജില്ലയിൽ നിലവിൽ കടൽഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രദേശങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്?

കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന സ്ഥലങ്ങളിൽ താൽക്കാലിക സംവിധാനങ്ങളായ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലികമായ സംരക്ഷണ ഭിത്തി നിർമ്മിച്ചുവരുന്നു. ഇതിനായി ഈ വർഷം 25-5-2021-ലെ G.O(Rt)No.296/2021/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ സ്ഥിരം സംവിധാനങ്ങൾ ചെയ്യാനുള്ള പഠനം

NCCR എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിയിലുൾപ്പെട്ട പ്രവൃത്തികൾ കൂടാതെ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം കടൽക്ഷോഭം തടയുന്നതിന് 207 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി റിപ്പയറിംഗിനും ജിയോബാഗ് ഉപയോഗിച്ച് താൽകാലികമായ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തൈക്കടപ്പുറം, വലിയപറമ്പ, കോയിപ്പാടി, ചേരങ്കൈ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇത വിനിയോഗിച്ചിട്ടുള്ളത്.

(സി) കടൽക്ഷോഭം തടയുന്നതിന് നൂതനമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യു.പി.ആർ.എസ്. പൂനെ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാറുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ടെട്രാപോഡ് ഉപയോഗിച്ച് പുലിമുട്ടും കടൽഭിത്തിയുമായി ഒരു സംയോജിത പദ്ധതി ചെല്ലാനത്ത് നടപ്പിലാക്കാൻ പോകുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, കൊട്ടങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പഠനം കഴിയുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കുന്നതാണ്.

നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

179 (3885) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച പതിനാറര ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly